# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3343 — 18.02.2013 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. സാജു പോൾ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ നിയോഗിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി ഏതെല്ലാം നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുകയുണ്ടായി ; വ്യക്തമാക്കുമോ ; | (എ) | എഫ്. എ. ആർ, കവറേജ്, കെട്ടിടത്തിലേയ്ക്കുള്ള വഴിയുടെ വീതി, ഹൈ റൈസ് കെട്ടിടങ്ങളുടെ നിർമ്മാണം, പെർമിറ്റ് പുതുക്കുന്നതിനുള്ള കാലാവധി, ഫ്ലാറ്റുകളിലെ പാർക്കിംഗ്, യന്ത്രവത്കൃത പാർക്കിംഗ്, കെട്ടിടത്തിന്റെ ഉയരം, വൻകിട വികസന പദ്ധതികൾക്കുള്ള വ്യവസ്ഥകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ദുർബല വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ഇളവുകൾ, സർക്കാർ ഐ. ടി. പാർക്കുകൾക്കുള്ള ഇളവുകൾ, നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള ഇളവുകൾ, ഇ-ഫയലിംഗ്, തുടങ്ങിയവ സംബന്ധിച്ചുള്ള ഭേദഗതി നിർദ്ദേശങ്ങളാണ് മന്ത്രിസഭാ ഉപസമിതി മുന്നോട്ടു വെച്ചിട്ടുള്ളത്. |
| (ബി) | ഏതെങ്കിലും വിദഗ്ദ്ധാഭിപ്രായം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടായിരുന്നുവോ ; | (ബി) (സി) (ഡി) & (ഇ) | ബന്ധപ്പെട്ട എല്ലാവരുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ മുഖ്യനഗരാസൂത്രകൻ തയ്യാറാക്കിയ കരട് ചട്ടങ്ങൾ മന്ത്രിസഭാ ഉപസമിതി നിർദ്ദേശിച്ച ഭേദഗതികളോടെയാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഭേദഗതികൾ മൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കുമെന്നു പഠനം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ; | | |
| (ഡി) | ഫ്ലാറ്റ് നിർമ്മാണക്കമ്പനികൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളിൽ മന്ത്രിസഭാ ഉപസമിതി പരിഗണിച്ചവ ഏതൊക്കെയാണെന്നു വിശദമാക്കുമോ ; | | |
| (ഇ) | ചീഫ് ടൗൺ പ്ലാനറുടെ എന്തെല്ലാം നിർദ്ദേശങ്ങൾ അവഗണിക്കുകയുണ്ടായി ; കാരണം വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ